**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:*170** — **05.12.2018-ൽ മറുപടിക്ക്**

**പോലീസ് സേനയിലെ വിഭാഗീയ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ നേതാവ് അഭിമന്യു കൊലചെയ്യപ്പെട്ട കേസിൽ പ്രതികളെ കണ്ടെത്താൻ നടത്തിയ തിരച്ചിലിന്റെ വിവരങ്ങൾ പോലീസുദ്യോഗസ്ഥർ തന്നെ ചോർത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടില്ല. |
| (ബി) അഭിമന്യു കുത്തേറ്റ് വീണ കാര്യം കൊച്ചിയിലെ ടൗൺ സൗത്ത്, സെൻട്രൽ, ടൗൺ നോർത്ത്, കടവന്ത്ര എന്നീ പോലീസ് സ്റ്റേഷനുകളിൽ അറിഞ്ഞിട്ടും പ്രതികരിക്കുവാൻ പോലീസ് അരമണിക്കൂറിലേറെ വൈകിയതായ ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) വൈകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത സ്റ്റേഷനുകളിലെ പോലീസുദ്യോഗസ്ഥർ ആരെങ്കിലും കൊല നടന്ന ദിവസം മുൻകൂട്ടി അറിയിക്കാതെ അവധി എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) കൊല നടന്ന ദിവസം മുൻകൂട്ടി അറിയിക്കാതെ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ അവധി എടുത്തിട്ടില്ല. |
| (ഡി) ഇത്തരം വിഭാഗീയ പ്രവർത്തനങ്ങൾ മുളയിലേ നുള്ളുന്നതിനും പോലീസ് സേനയെ ജനങ്ങളുടെ രക്ഷകരായി മാറ്റുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (ഡി) സംസ്ഥാന പോലീസ് സേന ഒരേ മനസ്സോടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ചുമതല കാര്യക്ഷമമായി നിർവഹിച്ച് വരുന്നുണ്ട്. ഇതിനായി മേലുദ്യോഗസ്ഥർ പോലീസ് സ്റ്റേഷനുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഇതിനുപുറമേ പോലിസ് ഉദ്യോഗസ്ഥർക്ക് കേസ്സുകളുടെ അന്വേഷണത്തിനും പൊതുജനങ്ങളോട് പെരുമാറുന്നത് സംബന്ധിച്ചും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന പോലിസ് മേധാവി നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്. വീഴ്ചകൾ ഉണ്ടാകുമ്പോൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ